**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3227** **11-03-2025 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച മുന്നൊരുക്കങ്ങൾ വിശദമാക്കാമോ; | (എ) | പാഠ്യപദ്ധതി പരിഷ്കരണത്തിനായി സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി, പാഠ്യപദ്ധതി കോർ കമ്മിറ്റി എന്നിവ രൂപീകരിച്ചു. പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കുന്നതിന് മുന്നോടിയായി വ്യത്യസ്ത മേഖലകളിലായി 25 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പൊസിഷൻ പേപ്പർ തയാറാക്കി. കൂടാതെ പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസത്തിൽ തത്പരരായ ആളുകളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി സ്കൂളുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ജനകീയ ചർച്ചകൾ സംഘടിപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തു. ചർച്ചകൾക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയാത്ത ആളുകൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഒരു tech platform വികസിപ്പിക്കുകയും അഭിപ്രായ സ്വരൂപീകരണം നടത്തുകയും ചെയ്തു. സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച് ഒരു ജനകീയ ചർച്ച സംഘടിപ്പിക്കുന്നത് ആദ്യമായിട്ടാണ്. പൊസിഷൻ പേപ്പറുകളെ അടിസ്ഥാനമാക്കിയും വിദ്യാഭ്യാസത്തിൽ തത്പരരായ ആളുകളിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയും പ്രീസ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപകവിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ 4 പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിച്ചു. പാഠ്യപദ്ധതി ചട്ടക്കൂടുകളെ അടിസ്ഥാനമാക്കി പാഠപുസ്തക പരിഷ്കരണ നടപടികൾ ആരംഭിക്കുകയും 1, 3, 5, 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2024-25 അധ്യയന വർഷം നടപ്പാക്കുകയും 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 2025-26 അധ്യയന |

| | | | |
|---|---|---|---|
| | | | വർഷം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | ഹയർ സെക്കൻഡറി പാഠപുസ്തകങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനായി ആശയങ്ങൾ സ്വരൂപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | മുൻ മാതൃകയുടെ അടിസ്ഥാനത്തിൽ രണ്ട്, നാല്, ആറ്, എട്ട് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് സമൂഹത്തിന്റെ വിവിധ മേഖലയിലുള്ള ജനവിഭാഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിച്ചിട്ടുണ്ടോ; എങ്കിൽ ആയവ ക്രോഡീകരിക്കുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ എന്നിവ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പ്രീസ്കൂൾ മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠപുസ്തക പരിഷ്കരണം മുന്നിൽ കണ്ടുകൊണ്ടാണ് ജനകീയ ചർച്ചകളും മറ്റ് പ്രവർത്തനങ്ങളും നടത്തിയത്. പൊസിഷൻ പേപ്പറുകൾ, ജനകീയ ചർച്ചകൾ, tech platform എന്നിവയിലൂടെ ലഭിച്ച അഭിപ്രായങ്ങളും ആശയങ്ങളും ഉൾപ്പെടുത്തിയാണ് ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ വികസിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ